"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ലൈഫ് പദ്ധതി ഗുണഭോക്താക്കൾ മറ്റൊരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഭൂമി ആർജ്ജിക്കുന്ന പക്ഷം സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിനെ തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനം തന്നെ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടുള്ള ഉത്തരവ് പി.എം.എ.വൈ.(ജി) പദ്ധതിയ്ക്കു കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1904/2025/LSGD തീയതി,തിരുവനന്തപുരം, 02-08-2025

---

പരാമർശം :-
1. G.O.(Rt)No.2808/2022/LSGD തീയതി 15.11.2022
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 17.05.2025 ലെ LSGD/PD/14587/2025-CSSA1(1) നമ്പർ കത്ത്

**ഉത്തരവ്**

ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ലൈഫ് പദ്ധതി ഗുണഭോക്താക്കൾ മറ്റൊരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഭൂമി ആർജ്ജിക്കുന്ന പക്ഷം സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിനെ തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനം തന്നെ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പി.എം.എ.വൈ.(ജി) പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നാണ് കേന്ദ്ര സംസ്ഥാന വിഹിതവും ത്രിതല പഞ്ചായത്ത് വിഹിതവും അനുവദിക്കുന്നത്. ടി സാഹചര്യത്തിൽ ഒരു ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഒരു ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താവ് അതേ ബ്ലോക്ക് പരിധിയിലെ മറ്റൊരു ഗ്രാമപഞ്ചായത്തിൽ ഭവനനിർമ്മാണം നടത്തുമ്പോഴും കേന്ദ്ര സംസ്ഥാന വിഹിതവും ത്രിതല പഞ്ചായത്ത് വിഹിതവും അനുവദിക്കുന്നതിന് LIFE മാതൃക പിൻതുടരുന്നതിന് അനുമതി നൽകുന്നതിന് പരാമർശം 2 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ലൈഫ് പദ്ധതി ഗുണഭോക്താക്കൾ മറ്റൊരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഭൂമി ആർജ്ജിക്കുന്ന പക്ഷം സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിനെ തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനം തന്നെ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിക്കൊണ്ടുള്ള പരാമർശം 1 ഉത്തരവ് പി.എം.എ.വൈ.(ജി) പദ്ധതിയ്ക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ (അർബൻ), തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ (റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഗ്രാമ വികസന വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ, ഐ.&പി.ആർ.ഡി., തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 04-08-2025 09:40:13
സെക്ഷൻ ഓഫീസർ